A

# സമഗ്ര ശിക്ഷാ കേരളം

402

## ആത്യന്തിക വിലയിരുത്തൽ 1 2025-2026

## മലയാളം

ക്ലാസ്: 4 | സമയം: 2 മണിക്കൂർ 15 മിനിട്ട്

കുട്ടിയുടെ പേര്: ....................

വിദ്യാലയത്തിന്റെ പേര്: ....................

ഡിവിഷൻ: ....................

ടീച്ചറിന്റെ ഒപ്പ്: ....................

രക്ഷിതാവിന്റെ ഒപ്പ്: ....................

| ക്രമ നം. | പ്രവർത്തനങ്ങൾ | ലഭിച്ച ഗ്രേഡ് |
|---|---|---|
| 1 | വായിക്കാം, എഴുതാം | |
| 2 | വരികൾ കൂട്ടിച്ചേർക്കാം | |
| 3 | ചിഹ്നനം ചേർക്കാം | |
| 4 A | സംഭാഷണം എഴുതാം | |
| 4 B | ഗദ്യരൂപത്തിലാക്കാം | |
| 5 A | കഥയെഴുതാം | |
| 5 B | യാത്രാനുഭവ വിവരണം | |
| | ഓവറോൾ ഗ്രേഡ് | |

### നിർദേശങ്ങൾ

- ആകെ സമയത്തിന്റെ ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിച്ചു മനസ്സിലാക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- 5 പ്രവർത്തനങ്ങൾക്ക് ഉത്തരം എഴുതിയാൽ മതി.

## പ്രവർത്തനം 1 – വായിക്കാം, എഴുതാം

**ഖണ്ഡിക വായിച്ച് താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതു.**

മുമ്പ്, കുറേ വർഷങ്ങൾക്കു മുമ്പ്, ആരോ വലിച്ചെറിഞ്ഞ ഒരു വിത്തിനുള്ളിൽ ഉറങ്ങിക്കിടന്നിരുന്ന ഒരു കുഞ്ഞായിരുന്നു ഞാൻ. മണ്ണിന്റെ മടിയിൽ, അമ്മയുടെ മടിത്തട്ടിലെന്നപോലെ ഞാൻ മയങ്ങിക്കിടന്നു. ഇറ്റുവീണ മഴത്തുള്ളികൾ എന്റെ കവിളിൽ ഉമ്മ വച്ചു. ഇളംകാറ്റ് സ്നേഹത്തോടെ എന്നെ തലോടി. നിറഞ്ഞ ചിരിയോടെ സൂര്യൻ എന്റെ തലയ്ക്കു മുകളിൽ തെളിഞ്ഞു നിന്നു. കുഞ്ഞിലകൾ വിടർത്തി ഞാനും തലയാട്ടിച്ചിരിച്ചു. കാലം കടന്നുപോയി. ഞാനൊരു മരമായി വളർന്നു. എത്രയോ പേർക്ക് തണലേകി, കൂടൊരുക്കി, പഴങ്ങൾ നൽകി. കാൽവിരലുകൾ നീട്ടി പുഴയെയും, കൈവിരലുകൾ നീട്ടി മേഘത്തെയും ഒരേ സമയം തൊട്ടു. ഞാനെത്ര സന്തോഷിച്ചെന്നോ! പെട്ടെന്നാണ് എല്ലാം തകിടം മറിഞ്ഞത്. ആഞ്ഞുവീശിയ കോടാലിമൂർച്ചയിൽ എന്റെ കൈകാലുകൾ മുറിച്ചു നീക്കപ്പെട്ടു. താഴെവീണു ചിതറിയ കൂടിനരികിൽ നിലവിളിക്കുന്ന അമ്മക്കിളിയെ കണ്ടപ്പോൾ എന്റെ അല്ലൽ ഇരട്ടിച്ചു.

a) വിത്തിനുള്ളിൽ മയങ്ങിക്കിടന്നിരുന്നത് ആരാണ്?

എ) കുഞ്ഞിക്കിളി ബി) മഴത്തുള്ളി
സി) പൂമ്പാറ്റ ഡി) മരം

b) മരത്തിന്റെ വേരുകൾ ആഴത്തിൽ വളർന്നെന്നു വ്യക്തമാക്കുന്ന വാക്യം ഏതാണ്?

എ) കൈവിരലുകൾ നീട്ടി മേഘത്തെ തൊട്ടു. ബി) തലയാട്ടിച്ചിരിച്ചു.
സി) കാൽവിരലുകൾ നീട്ടി പുഴയെ തൊട്ടു. ഡി) ഞാൻ മയങ്ങിക്കിടന്നു.

c) 'ആഞ്ഞുവീശിയ കോടാലിമൂർച്ചയിൽ എന്റെ കൈകാലുകൾ മുറിച്ചു നീക്കപ്പെട്ടു.' മരത്തിന്റെ ഈ അവസ്ഥയ്ക്ക് ആരായിരിക്കും കാരണക്കാർ?

എ) മനുഷ്യർ ബി) മൃഗങ്ങൾ സി) ആകാശം ഡി) മഴ

d) മരങ്ങൾ നമുക്കു നൽകുന്ന സഹായങ്ങളിൽ ഉൾപ്പെടാത്തത് ഏത്?

എ) തണൽ ബി) കൂട് സി) വെയിൽ ഡി) പഴങ്ങൾ

e) 'സങ്കടം' എന്നർഥം വരുന്ന ഏതു പദമാണ് കഥാഭാഗത്ത് നൽകിയിട്ടുള്ളത്?

എ) മൂർച്ച ബി) തളിര് സി) ഇളം ഡി) അല്ലൽ

## പ്രവർത്തനം 2 – വരികൾ കൂട്ടിച്ചേർക്കാം.

മാനത്തു മഴ വരുമാഘോഷം
പാടത്തിനതു കണ്ടു സന്തോഷം
മാനത്തു കൊട്ടും കുഴൽപ്പാട്ടും
പാടത്തു വെട്ടും വിതപ്പാട്ടും
മാനത്തു മേഘത്തിൻ തേരോട്ടം
പാടത്തു കുളിരിന്റെ നീരോട്ടം

മാനത്തെയും പാടത്തെയും കാഴ്ചകൾ ചേർത്ത് നാലു വരികൾ കൂട്ടിച്ചേർക്കൂ.

..............................................................................

..............................................................................

..............................................................................

..............................................................................

## പ്രവർത്തനം 3 - ചിഹ്നനം ചേർക്കാം

താഴെ കൊടുത്തിരിക്കുന്ന ഭാഗം വായിച്ച് ഉചിതമായ ചിഹ്നനങ്ങൾ ചേർത്തെഴുതുക.

> നല്ല ഉറക്കത്തിലായിരുന്നു കുഞ്ഞനുറുമ്പ് നേർത്ത നനവുള്ള പച്ചപ്പുൽത്തകിടിയിലൂടെ തെന്നിത്തെന്നി പോകുന്നത് അവൻ സ്വപ്നം കണ്ടു നല്ല രസം അവൻ കൂടുതൽ ഉത്സാഹത്തോടെ തെന്നി നീങ്ങാൻ തുടങ്ങി കുഞ്ഞാ നീ ഇനിയും എഴുന്നേറ്റില്ലേ അമ്മയുടെ ശബ്ദം കേട്ട് അവൻ ഞെട്ടിയുണർന്നു

## പ്രവർത്തനം 4

പ്രവർത്തനം 4 - ൽ രണ്ടുപ്രവർത്തനം ഉണ്ട്. അവയിൽ ഒന്നിനുമാത്രം ഉത്തരമെഴുതിയാൽ മതി.

### 4 A) സംഭാഷണം എഴുതാം.

ആബിദക്കുട്ടിയുടെ കൈവിട്ട് പറന്നുയർന്ന പട്ടൂസ് മാനത്തു പറന്നു നടന്നു. അവന് ആകെ പ്രയാസമായി. പട്ടൂസിന്റെ വിഷമം കണ്ട് അമ്പിളിയമ്മാവൻ കാര്യം തിരക്കി. എന്തൊക്കെയാവും പട്ടൂസും അമ്പിളിമാമനും തമ്മിൽ പറഞ്ഞിരിക്കുക? സംഭാഷണ രൂപത്തിൽ എഴുതി നോക്കൂ.



അമ്പിളിമാമൻ : എന്തിനാ, പട്ടൂസ് ഇങ്ങനെ സങ്കടപ്പെടുന്നത്?

പട്ടൂസ് : ..............................................................................................

..............................................................................................

അമ്പിളിമാമൻ : ..............................................................................................

..............................................................................................

പട്ടൂസ് : ..............................................................................................

..............................................................................................

അമ്പിളിമാമൻ : ..............................................................................................

..............................................................................................

പട്ടൂസ് : ..............................................................................................

..............................................................................................

**അല്ലെങ്കിൽ**

**4 B) ഗദ്യരൂപത്തിലാക്കാം.**

**താഴെ നൽകിയ കവിത വായിച്ച് ആശയം ചോർന്നുപോകാതെ പൂർണ്ണ വാക്യങ്ങളാക്കി എഴുതൂ.**

"ചിറകു കുരുത്തു തുടങ്ങും മുമ്പൊരു
ചിന്നക്കുരുവി നിനയ്ക്കുന്നു.
നീലാകാശം കൂട്ടിന്നരികേ
നിന്നു പതുക്കെ വിളിക്കുന്നു.
കാടിൻ മീതേ, വയലിൻ മീതേ
കടലിൻ മീതേ പോകണമോ?
കുഞ്ഞിക്കാറ്റു കളിച്ചു നടക്കും
കുന്നിൻ ചരിവിലിരിക്കണമോ?

| |
|---|
| കുരുത്തു - മുളച്ചു<br>നിനയ്ക്കുന്നു - വിചാരിക്കുന്നു<br>ചിന്നക്കുരുവി - ചെറിയ കുരുവി |

## പ്രവർത്തനം 5

**പ്രവർത്തനം 5 - ൽ രണ്ടുപ്രവർത്തനം ഉണ്ട്. അവയിൽ ഒന്നിനുമാത്രം ഉത്തരമെഴുതിയാൽ മതി.**

## 5 A) കത്തെഴുതാം

**മൈക്കിളുചേട്ടന്റെ സൈക്കിൾ വാടകക്കെടുത്ത് ചന്ദ്രനിലേക്ക് യാത്രപോയ കുട്ടിയുടെ അനുഭവങ്ങൾ കൂട്ടുകാർക്ക് ഓർമ്മയില്ലേ? യാത്രപോയ കുട്ടി തന്റെ അനുഭവങ്ങൾ കൂട്ടുകാരനായ സോനുവിനെ ഒരു കത്തിലൂടെ എഴുതി അറിയിച്ചു. എന്തൊക്കെയായിരിക്കും കത്തിലെ വിശേഷങ്ങൾ? എഴുതി നോക്കൂ.**

**അല്ലെങ്കിൽ**

5 B) യാത്രാനുഭവ വിവരണം

നിരവധി യാത്രകൾ കൂട്ടുകാർ നടത്തിയിട്ടുണ്ടല്ലോ. അവയിൽ ഏറ്റവും ഇഷ്ടമായ യാത്ര ഏതാണ്? യാത്രയിൽ ഒപ്പം ഉണ്ടായിരുന്നവരെയും കണ്ട കാഴ്ചകളെയും ഉൾപ്പെടുത്തി ആകർഷകമായ ഭാഷയിൽ ആ യാത്രാനുഭവങ്ങൾ ഒന്നെഴുതി നോക്കൂ.